"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി വസ്തു പൊന്നുംവിലയ്ക്ക് ഏറ്റെടുത്തത് സംബന്ധിച്ച് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 506/2008 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

G.O.(Rt)No.1330/2024/LSGD **തീയതി, തിരുവനന്തപുരം, 22-07-2024**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 10/01/2023 തീയതിയിലെ എ3/2817/2007/ട്രിഡ നമ്പർ കത്ത്
2. സ.ഉ.(സാധാ)നം.895/2024/തസ്വഭവ തീയതി 23/05/2024
3. സ.ഉ.(സാധാ)നം.4799/2024/ധന തീയതി 18/06/2024

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി, കവടിയാർ വില്ലേജിൽ സർവ്വേ നം. 2405/2-1 (L.A.Sy.No.124)-ൽപ്പെട്ടതും ശ്രീമതി സുധയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.30 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 506/2008 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുകയായ 1,40,153/- രൂപ (ഒരു ലക്ഷത്തി നാല്പതിനായിരത്തി ഒരുന്നൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 506/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക തുകയായ 1,40,154/- രൂപ (ഒരു ലക്ഷത്തി നാല്പതിനായിരത്തി ഒരുന്നൂറ്റി അമ്പത്തിനാല് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93- Payment of Compensation in LAR Caes (Plan Charged) എന്ന ശീർഷകത്തിൽ 1,41,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം-കവടിയാർ റോഡിന്റെ വികസനത്തിനായി, കവടിയാർ വില്ലേജിൽ സർവ്വേ നം. 2405/2-1 (L.A.Sy.No.124)-ൽപ്പെട്ടതും ശ്രീമതി. സുധയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.30 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 506/2008

നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുകയായ 1,40,153/- രൂപ (ഒരു ലക്ഷത്തി നാല്പതിനായിരത്തി ഒരുന്നൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീമതി സുധയ്ക്ക് (D/o വിജയലക്ഷ്മി, സായി കൃപ, കുക്കിലിയർ ലൈൻ, ജഗതി പി.ഒ., തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
JOINT SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം..
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ശ്രീമതി സുധ, D/o വിജയലക്ഷ്മി, സായി കൃപ, കുക്കിലിയർ ലൈൻ, ജഗതി പി.ഒ.,
തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./
ഇ.&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/104/2024FIN. dated 27.06.2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ.& പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (RE1/133/2024-LSGD).

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 22-07-2024 11:48:12
സെക്ഷൻ ഓഫീസർ